

# മൂന്നാം സഹസ്രാബ്ദത്തിലെത്തിയ ക്രൈസ്തവസഭാ ചരിത്രവും കേരളസഭാ ചരിത്രത്തിൽ അവിസ്മരണീയനായ പാലയ്ക്കൽ തോമ്മാ മൽപാനും.

ഡോക്ടർ തോമസ് പാലയ്ക്കൽ

CHRISTIAN MUSICOLOGICAL SOCIETY OF INDIA
Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# മൂന്നാം സഹസ്രാബ്ദത്തിലെത്തിയ ക്രൈസ്തവസഭാ ചരിത്രവും കേരളസഭാ ചരിത്രത്തിൽ അവിസ്മരണീയനായ പാലയ്ക്കൽ തോമ്മാ മൽപാനും.

ഡോക്ടർ തോമസ് പാലയ്ക്കൽ

Christian Musicological Society of India

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# ഡോ. തോമസ് പാലയ്ക്കൽ

വൈക്കത്ത് പാലയ്ക്കൽ തൊമ്മച്ചന്റെയും കൈനകരി തേവർകാട്ട് തെറതിയാമ്മയുടെയും മകനായി 1942-ൽ ജനനം. വൈക്കം ഗവ. ഹൈസ്കൂളിൽ സ്കൂൾ വിദ്യാഭ്യാസ പര്യവസാനം. തേവര സേക്രഡ് ഹാർട്ട് കോളേജിൽ നിന്ന് ജന്തുശാസ്ത്രത്തിൽ ബിരുദവും ബിരുദാനന്തര ബിരുദവും. കോഴിക്കോട് ദേവഗിരി സെന്റ് ജോസഫ്സ് കോളേജ് , തിരുവനന്തപുരം ഔവർ കോളേജ്, ബാംഗ്ലൂർ ക്രൈസ്റ്റ് കോളേജ്, തൃക്കാക്കര ഭാരതമാതാ കോളേജ് എന്നിവിടങ്ങളിൽ അധ്യാപകൻ. പശ്ചിമ ജർമ്മനിയിലെ റീഗൻസ് ബർഗ് യൂണിവേഴ്സിറ്റിയിൽ ഗവേഷണ പരിശീലനം, ന്യൂയോർക്കിലെ ഫോർഡ്ഹാം യൂണിവേഴ്സിറ്റിയിൽ നിന്ന് സെൽബയോളജിയിൽ പി. എച്ച്.ഡി. സ്റ്റാറ്റൻ ഐലന്റിലെ ന്യൂയോർക്ക് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് റിസർച്ചിൽ പോസ്റ്റ് ഡോക്ടറേറ്റ്, ന്യൂയോർക്കിലെ യെഷിവ യൂണിവേഴ്സിറ്റിയിൽ അസോസ്സിയേറ്റീവ് ഫാക്കൽറ്റി. ന്യൂയോർക്കിൽ നിച്ച് അനാലിസിസ് ഇൻകിന്റെ സ്ഥാപകൻ, എൻവയോൺമെന്റൽ കൺസൾട്ടന്റ്, ലബോറട്ടറി ഡയറക്ടർ. വൽഹ ന്യൂയോർക്ക് മെഡിക്കൽ കോളേജിൽ കാർഡിയോവാസ്കുലാർ റിസർച്ചിൽ പങ്കെടുത്ത് വെസ്റ്റ് ചെസ്റ്ററിലെ ഗ്രീൻബർഗിൽ താമസിച്ചിരുന്നു.

ഭാര്യ : സാലി തോമസ്

മക്കൾ : നീത, ടോണി, നിഷ, ജോസി

പേരക്കുട്ടികൾ : അന്തോനിച്ചൻ പാണാട്ട്, ടോമിച്ചൻ പാലയ്ക്കൽ, അന്നക്കുട്ടി പാണാട്ട്, ജോപ്പിച്ചൻ പാലയ്ക്കൽ, അലക്സ് പാലയ്ക്കൽ

വിലാസം : Palackal house
MCW 21/21 Vaikom 686 141
Ph: 0482 922 2688
e-mail: Thomas@palackal.com



Christian Musicological Society of India

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

Christian Musicological Society of India

www.TheCMSIndia.org

# ഉള്ളടക്കം


1. ക്രൈസ്തവസഭാ സ്വാഗതത്തിനുണ്ടായിരുന്ന ഭാരതീയ പശ്ചാത്തലവും പള്ളിപ്പുറം പള്ളിയുടെ പൗരാണികത്വവും.
2. പ്രാരംഭകാല കേരളക്രൈസ്തവ സഭാഘടന.
3. ആഗോള ക്രൈസ്തവസഭയുടെ പ്രാരംഭകാല ചരിത്രം.
4. പ്രാരംഭകാല വിശ്വാസ വൈകല്യങ്ങളും സൂനഹദോസുകളും.
5. അന്ത്യോക്കാലയിലെ യാക്കോബായ പാത്രിയർക്കീസിന്റെ ഉത്ഭവ ചരിത്രം.
6. മാർട്ടിൻലൂദർകിംഗും, നവീകരണ പ്രസ്ഥാനവും.
7. കേരള ക്രൈസ്തവർക്ക് ഉണ്ടായിരുന്ന സാമൂഹ്യ മാന്യതയും ക്രൈസ്തവ രാജാവിന്റെ തിരഞ്ഞെടുപ്പും.
8. പോർട്ടുഗീസ് മേൽക്കോയ്മയ്ക്ക് രംഗമൊരുക്കിയ പദ്രുവാദോ ഭരണ സംവിധാനവും ഉദയംപേരൂർ സൂനഹദോസും.
9. കൂനൻകുരിശ് സത്യവും, ഒന്നാം മാർത്തോമ്മായുടെ തിരഞ്ഞെടുപ്പും, യാക്കോബായ സഭാസ്ഥാപനവും.
10. റോമാ സിംഹാസനത്തിന്റെ മനംമാറ്റവും, പ്രൊപഗാൻഡാ തിരുസംഘത്തിന്റെ സ്ഥാപനവും.
11. പ്രഥമ തദ്ദേശീയ മെത്രാൻ പള്ളിവീട്ടിൽ ചാണ്ടികത്തനാരുടെ നിയമനം.
12. കരിയാറ്റി മൽപാന്റെ സഭാ ഏകീകരണ യജ്ഞവും അകാല നിര്യാണവും.
13. പദ്രുവാദോയുടെ നിരോധനവും, വരാപ്പുഴയിലെ വികാരി അപ്പസ്തോലിക്കയുടെ നിയമനവും.
14. വരാപ്പുഴയിലെ വികാരി അപ്പസ്തോലിക്കയുടെ പ്രഥമ തദ്ദേശ സെക്രട്ടറിയായി നിയമിതനായ പാലയ്ക്കൽ തോമ്മാ മൽപാൻ.
15. പാലയ്ക്കൽ തോമ്മാ മൽപാന്റെ സഭാനവീകരണ പ്രവർത്തനങ്ങൾ.
16. തദ്ദേശ സന്യാസ സഭാസ്ഥാപനവും, പ്രാരംഭ ശിൽപികളും.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

Christian Musicological Society of India

www.TheCMSIndia.org

## 1. ക്രൈസ്തവസഭാ സ്വാഗതത്തിനുണ്ടായിരുന്ന ഭാരതീയ പശ്ചാത്തലം

കേരള ക്രൈസ്തവ സഭ അപ്പസ്തോലനായ വിശുദ്ധ തോമാശ്ലീഹയാൽ ക്രിസ്ത്വബ്ദം 52-ൽ സ്ഥാപിതമായി എന്ന പാരമ്പര്യ വിശ്വാസത്തിന്റെ അടിത്തറയിൽ നിന്ന്തന്നെയാണ് ഈ പഠനവും തുടങ്ങുന്നത്. അദ്ദേഹം, കൊടുങ്ങല്ലൂർ, കൊല്ലം, പാലയൂർ, പറവൂർ, കോക്കമംഗലം, നിരണം, നിലയ്ക്കൽ എന്നിങ്ങനെ ഏഴ് സ്ഥലങ്ങളിൽ ക്രിസ്തുവചനങ്ങൾ അറിയിച്ചതായും, പ്രാരംഭ ക്രൈസ്തവ സമൂഹങ്ങൾ ഉടലെടുത്തതായിട്ടുമാണ് ഇന്നുള്ള വിശ്വാസം. വ്യക്തമായ ചരിത്ര രേഖകളുടെ അഭാവത്തിൽ അന്നത്തെ പശ്ചാത്തല പരിജ്ഞാനത്തിൽ നിന്നേ ഇതിന് വിശദീകരണം നൽകാനാവൂ. വിദേശീയമായ ഒരു മതം ഇവിടെ പ്രതിഷേധ രഹിതമായി സ്വാഗതം ചെയ്യപ്പെടുവാനുണ്ടായ അനുകൂല സാഹചര്യം കണ്ടെത്താൻ ഭാരതീയ സംസ്ക്കാരത്തിന്റെ ആകെത്തുക തന്നെ ഒന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു.

വിശ്വാസങ്ങളിലോ ജീവിത രീതികളിലോ ഭാരതീയ ജനത ഒരിക്കലും ഐക്യപ്പെട്ടിരുന്നില്ല. ക്രിസ്തുവിന് മുൻപ് ഏകദേശം രണ്ടായിരം വർഷങ്ങൾക്ക് മുൻപാണ് ആര്യന്മാരുടെ കുടിയേറ്റം. ഉത്തര ഭാരതത്തിലെ ആര്യസംസ്ക്കാരവും, ദക്ഷിണ ഭാരതത്തിലെ ദ്രാവിഡ സംസ്ക്കാരവും തമ്മിൽ പ്രകടമായ വ്യത്യാസം എക്കാലവും നിലനിന്നിരുന്നു. സഹിഷ്ണതയും സമന്വയവും മൗലീക സവിശേഷതകളായുള്ള ഭാരതീയ സംസ്ക്കാരം എല്ലാക്കാലവും എല്ലാ മതങ്ങളേയും വിശ്വാസങ്ങളേയും ആദരിച്ചിരുന്നു. ക്രിസ്തുമതത്തിന് സ്വാഭാവിക സ്വാഗതം ലഭിക്കുവാനുള്ള ഒരു കാരണം ഈ പശ്ചാത്തലമാണ്. മറ്റൊന്ന്, സംഹാര മൂർത്തികളായ ബഹുദൈവ സങ്കല്പത്തിന്റെ ഭയവിഹ്വലതയിൽ കഴിഞ്ഞവർക്ക് ലളിത സുന്ദരവും, ജീവിത ഗന്ധിയുമായ പുതിയ ഏകദൈവ മത പ്രബോധനത്തിലേയ്ക്ക് ആകർഷണീയത ഉണ്ടായിട്ടുണ്ടാവാം. ഏകനും, പുരുഷാത്മകനും, സ്നേഹസമ്പന്നനും, കാരുണ്യവാനുമായ പിതാവെന്ന ഏകദൈവ ചിന്ത താപഭൂമിയിൽ വീണ തുഷാരബിന്ദുക്കളായി പരിഗണിക്കപ്പെട്ടിരിക്കാം. തന്നെപ്പോലെ തന്റെ അയൽക്കാരനേയും സ്നേഹിക്കാനും, തന്റെ ശത്രുക്കളോട് ഏഴ് എഴുപത് പ്രാവശ്യം ക്ഷമിക്കാനും, തന്റെ കടക്കാരനോട് താൻ പൊറുക്കുന്നതുപോലെ മാത്രം തന്നോടും പൊറുക്കപ്പെടണമെന്ന് പ്രാർത്ഥിക്കുവാനും പഠിപ്പിച്ച ഗുരുവചനങ്ങൾ വിദ്യാവിചക്ഷണന്മാരായ ഒരു സമൂഹത്തിന് ആകർഷകമായതിൽ സ്വാഭാവികതയുണ്ട്. തന്നെയുമല്ല, പൗരാണിക ഹൈന്ദവസംസ്ക്കാരത്തിനെതിരെ കൊടുങ്കാറ്റുപോലെ ആഞ്ഞടിച്ച ബുദ്ധമത പ്രചാരം സാംസ്ക്കാരിക സംഘർഷങ്ങളിലും വിശ്വാസ വൈരുദ്ധ്യങ്ങളിലും പെട്ട് ശിഥിലമായിക്കൊണ്ടിരുന്ന സാഹചര്യത്തിൽ രണ്ടിലും പെടാത്ത പുതിയ മതപ്രബോധനം സ്വാഗതാർഹം ആയിരുന്നിരിക്കാം. കേരള ക്രൈസ്തവസഭയുടെ ആരംഭകാലത്ത് സഭാവിശ്വാസികളായിത്തീർന്നവർ ഹൈന്ദവ-ബുദ്ധ സംഘർഷങ്ങളിൽ പെട്ട് തിരസ്കരിക്കപ്പെട്ടുകിടന്ന ചില ദേവസ്ഥാനങ്ങൾ തങ്ങളുടെ പ്രാർത്ഥനാലയങ്ങളാക്കി മാറ്റിയതുകൊണ്ടാവാം പല പൗരാണിക ക്രൈസ്തവ ദേവാലയങ്ങളും ഹൈന്ദവ ക്ഷേത്രങ്ങൾ തന്നെ എന്ന് തോന്നിച്ചിരുന്നത്. വാസ്കോഡിഗാമ ഒരു കാളിയമ്പലത്തിൽ കയറി ദൈവ ജനനി

CHRISTIAN MUSICOLOGICAL SOCIETY OF INDIA

എന്ന് തെറ്റിദ്ധരിച്ച് പ്രാർത്ഥിച്ച വിവരം ചരിത്രത്തിൽ ഒരിടത്ത് രേഖപ്പെടുത്തിയിട്ടുണ്ട്. ആദിമ ക്രൈസ്തവർ തങ്ങളുടെ ഹൈന്ദവ സംസ്ക്കാരവും ആചാരങ്ങളും കൈവിടാതെ ജനനം, ജാതകർമ്മം, നാമകരണം, ചോറൂട്ട്, വിദ്യാരംഭം, വിവാഹം, മരണം, ശേഷക്രിയകൾ ഇവയൊക്കെ തങ്ങളുടെ പരമ്പരാഗത രീതികൾ തന്നെ പിന്തുടർന്നിരുന്നു. ഇവയ്ക്കെല്ലാം ക്രൈസ്തവ വ്യാഖ്യാനങ്ങളും, ക്രൈസ്തവീകരണ പ്രവണതകളും നിലനിന്നിരുന്നു എന്ന സവിശേഷതയേ അന്നുണ്ടായിരുന്നുള്ളു. പ്രാദേശീയ വൈവിധ്യങ്ങളിലുള്ള ആചാരാനുഷ്ടാനങ്ങളിലൂടെ ആദിമ ക്രൈസ്തവ സമൂഹങ്ങൾ സ്വതന്ത്ര പള്ളിക്കൂട്ടങ്ങളായി വർത്തിച്ചിരുന്നെങ്കിലും, അപ്പസ്തോലൻ തന്നെ അധികാരമേൽപ്പിച്ച പകലോമറ്റം കുടുംബത്തിലെ കാരണവർക്ക് ജാതിക്ക് കർത്തവ്യൻ എന്ന അർക്കദിയാക്കോൻ സ്ഥാനത്തിലൂടെ പൗരോഹിത്യ മേൽക്കോയ്മ നൽകിയിരുന്നു. പിൽക്കാലങ്ങളിൽ പൗരോഹിത്യാധികാരം അനന്തിരാവകാശ ക്രമപ്രകാരം പിൻ തലമുറയിലേയ്ക്ക് കൈമാറിയിരുന്നതായി പൗരാണികമായ റമ്പാൻ പാട്ടിൽ കാണാനുണ്ട്. ആദിമ നൂറ്റാണ്ടിൽ പള്ളിക്കൂട്ടങ്ങളുടെ അജപാലനത്തിന് അർക്കദിയാക്കോന്മാരാണ് പുരോഹിത പട്ടം നൽകിയിരുന്നത്. പുരോഹിതർ കുടുംബസ്തരായിരുന്ന അക്കാലങ്ങളിൽ പൗരോഹിത്യവും പരമ്പരാഗതമായി തന്നെ നിലനിന്നിരിക്കാം.

വിദേശ രാജ്യങ്ങളുമായി വളരെ പണ്ടു മുതൽക്കേ കേരളത്തിന് വാണിജ്യബന്ധം ഉണ്ടായിരുന്നെങ്കിലും, വിദേശീയരുടെ സമ്പർക്ക കേന്ദ്രങ്ങൾ അന്നത്തെ പ്രബല തുറമുഖങ്ങളായ കൊടുങ്ങല്ലൂരും കൊച്ചിയുമായിരുന്നു. വിദേശീയർക്കാവശ്യമായ സുഗന്ധദ്രവ്യങ്ങൾ മലംപ്രദേശങ്ങളിലാണ് ഉണ്ടായിരുന്നത്. കരമാർഗ്ഗഗതാഗതം അഭിവൃദ്ധിപ്പെട്ടിട്ടില്ലാത്ത അക്കാലത്ത്, ഉൾനാടൻ വിളകളെ തുറമുഖങ്ങളിൽ എത്തിച്ചിരുന്നത് ജലഗതാഗതം വഴിയാണ്. അക്കാലത്ത് കായലുകളുടേയും നദികളുടേയും തീരങ്ങളിൽ പ്രസിദ്ധങ്ങളായ വ്യാപാര കേന്ദ്രങ്ങൾ ഉണ്ടായിരുന്നു. തെക്കൻ പള്ളിപ്പുറം, വൈക്കം, കടുത്തുരുത്തി, കോട്ടയം, ചങ്ങനാശ്ശേരി എന്നിവിടങ്ങളിലൊക്കെ പ്രശസ്തങ്ങളായ അങ്ങാടികൾ നിലനിന്നിരുന്നു. അപ്പസ്തോലന്റെ രക്തസാക്ഷിത്വത്തിനു ശേഷം, മൂല ക്രൈസ്തവ സമൂഹങ്ങളിൽ വളർച്ചയും തളർച്ചയും ഉണ്ടായതായി അനുമാനിക്കാവുന്ന ചരിത്ര സാധ്യതകളുണ്ട്. ബുദ്ധമതത്തിനെതിരായി ശക്തിപ്പെട്ടുകൊണ്ടിരുന്ന ഹൈന്ദവാചാരങ്ങൾ വീണ്ടും ജനശ്രദ്ധ ആകർഷിക്കുകയും, പ്രാരംഭ ക്രൈസ്തവ സമൂഹങ്ങളിൽ നിന്ന് ഹൈന്ദവാചാരങ്ങളിലേക്ക് തിരിച്ച് പോക്ക് നടക്കുകയും ചെയ്തിട്ടുണ്ടാവാം. കോക്കമംഗലത്തെ മൂല സമൂഹത്തിലും ഇത്തരത്തിലുള്ള ഒരു സംഘർഷം ഉണ്ടാവുകയും, ക്രൈസ്തവ വിശ്വാസത്തിൽ അടിയുറച്ച ചില കുടുംബക്കാർ സമീപ പ്രദേശങ്ങളിലേയ്ക്ക് താമസം മാറ്റുകയും ചെയ്തിരിക്കാം. പ്രസിദ്ധമായ പള്ളിപ്പുറത്തങ്ങാടിയിലേക്ക് താമസം മാറ്റിയ ഈ കുടുംബങ്ങൾ ആയിരുന്നിരിക്കും പൗരാണികമായ പള്ളിപ്പുറം പള്ളി സ്ഥാപിച്ച് ആദികാല ഇടവകാംഗങ്ങൾ ആയവർ.

കാലമേറെ കടന്നുപോയപ്പോൾ, ഈ അങ്ങാടിക്ക് സമീപമുള്ള മാട്ടേൽ എന്ന തുരുത്തിൽ പുല്ല് ചെത്താൻപോയ ഒരു ഹരിജന സ്ത്രീ, പുല്ലുചെത്തി തെളിഞ്ഞ സ്ഥലത്ത്



Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

Christian Musicological Society of India

www.TheCMSIndia.org

മണ്ണിൽ പൂണ്ട് കിടന്ന ഒരു തടിക്കഷണം കാണുകയും, കൊയ്ത്തരുവാൾ കൊണ്ട് കൊത്തി വലിച്ച് പൊക്കാൻ ശ്രമിച്ചപ്പോൾ അതിൽ നിന്ന് രക്തം പൊടിഞ്ഞത് കണ്ട് ഭയന്ന് അങ്ങാടിയിൽ വന്ന് വിവരം അറിയിക്കുകയും ചെയ്തു. ഇതറിഞ്ഞ് തുരുത്തിലെത്തിയ ക്രൈസ്തവർ, അത് പണ്ട് കോക്കമംഗലത്ത് വച്ച് വണങ്ങിയിരുന്ന കുരിശാണെന്ന് തിരിച്ചറിയുകയും, ഭക്തി ബഹുമാനങ്ങളോടെ പാലക്കൽ കുടുംബത്തിൽ കൊണ്ടുവന്ന് വച്ച് വണക്കമാരംഭിക്കുകയും ചെയ്തു. പിൽക്കാലത്ത് ഈ കുരിശിന്റെ ദിവ്യ ശക്തിയിൽ വിശ്വാസം വർദ്ധിക്കുകയും, കൂടുതൽ സൗകര്യപ്രദമായ ബഹുജന വണക്കത്തിനുവേണ്ടി കായലോരത്ത് ഇന്ന് കാണുന്ന കുരിശുപള്ളി പണിത് അവിടെ പ്രതിഷ്ടിക്കുകയും ചെയ്തു. അനുഗ്രഹപ്രദമായ പല അത്ഭുതങ്ങൾ ഉണ്ടാവുകയും, കുരിശിന്റെ പ്രശസ്തി വർദ്ധിക്കുകയും ചെയ്തതോടെ, കുരിശിൽ നിന്ന് പൊടി ചീകിയെടുത്ത് ദിവ്യ ഔഷധം പോലെ വീടുകളിൽ സൂക്ഷിക്കുവാനുള്ള ജനത്തിരക്കുകൊണ്ടാണ് കുരിശ്പള്ളിയിൽ നിന്ന് മാറ്റി പള്ളിക്കകത്ത് വലതുവശത്തെ ചെറിയ ആൾത്താരയുടെ മുകളിൽ സ്ഥാപിച്ചത്. ചരിത്രമുറങ്ങുന്ന പള്ളിപ്പുറത്ത് പള്ളിയിൽ ഈ പൗരാണിക കൽഡിയൻ കുരിശ് ആരാലും ശ്രദ്ധിക്കപ്പെടാത്ത ഒരമൂല്യ തിരുവസ്തുവായി അവഗണനയിൽ ഇരിക്കുന്നു. അതുപോലെ തന്നെ വലിയ ആൾത്താരയിൽ പ്രതിഷ്ടിച്ചിരിക്കുന്ന ദൈവ ജനനിയുടെ എണ്ണഛായാചിത്രം സുവിശേഷകനും, ചിത്രകാരനുമായ വിശുദ്ധ ലൂക്കാ വരച്ചതാണെന്നുള്ള ഊഹാപോഹം സത്യമാണെങ്കിൽ, ഇത്രമാത്രം പൗരാണിക ദിവ്യത്വമുള്ള ഈ തിരുവസ്ഥുക്കൾ ജനശ്രദ്ധയിൽ കൊണ്ടുവരുകയും, കേരള ക്രൈസ്തവരുടെ അപ്പസ്തോലികബന്ധം സ്ഥിരീകരിക്കപ്പെടുകയും ചെയ്യാനുള്ള ചുമതല നമുക്കുണ്ട്.

## 2. പ്രാരംഭകാല കേരളക്രൈസ്തവ സഭാഘടന.

അപ്പസ്തോലൻ തുടങ്ങിയ ഏഴ് പ്രാരംഭ സമൂഹങ്ങൾ പ്രബലമാവുകയും, ഇവരിൽനിന്ന് വേർപിരിഞ്ഞ കുടുംബങ്ങൾ പുതിയ സമൂഹങ്ങളാവുകയും ചെയ്തു. അക്കാലത്ത് ഈ സമൂഹങ്ങൾക്ക് പൊതുവായ കേന്ദ്രീകൃത ഭരണ സംവിധാനം ഉണ്ടായിരുന്നില്ല. ഓരോ സമൂഹവും ഓരോ സ്വതന്ത്ര ഇടവകകളായി വർത്തിച്ചു. പള്ളിഭരണം നടത്തിയിരുന്നതും, പട്ടക്കാരെ നിയമിച്ചിരുന്നതും ഇടവക യോഗങ്ങളായിരുന്നു. അർക്കദിയാക്കോന്മാർ വൈദികർക്ക് പട്ടം കൊടുത്തിരുന്ന കീഴ് വഴക്കത്തിന് മാറ്റം വന്നത് മദ്ധ്യ പൗരസ്ത്യ ദേശത്തുനിന്നുള്ള സഭാ മേലദ്ധ്യക്ഷന്മാരുടെ വരവോടുകൂടിയാണ്. മദ്ധ്യ പൗരസ്ത്യ ദേശത്ത് തോമാശ്ലീഹായാൽ തന്നെ സ്ഥാപിതമായ ക്രൈസ്തവസഭ, പൗരാണിക യഹൂദ സമുദായത്തിന്റെ പിൻ തുടർച്ചയായതുകൊണ്ട്, ഏകദൈവ വിശ്വാസത്തിലുള്ള അവരുടെ പാരമ്പര്യ പരിജ്ഞാനം, ബഹുദേവ വിശ്വാസത്തിൽ കഴിഞ്ഞിരുന്ന രാജ്യത്ത് വളർന്നുവന്ന പുതിയ സഭയ്ക്കും, സഭാ നേതൃത്വം നൽകിയിരുന്ന അർക്കദിയാക്കോനും ഉണ്ടായിരുന്നില്ല എന്ന താരതമ്യമാണ് വിദേശീയ സഭാ മേലദ്ധ്യക്ഷന്മാരെ ക്ഷണിച്ച് വരുത്താവാനുള്ള പ്രഥമ പ്രചോദനം. മദ്ധ്യ പൗരസ്ത്യദേശങ്ങളുമായുണ്ടായിരുന്ന പുരാതീന വാണിജ്യ ബന്ധം ഇതിനൊരു സഹായ ഘടകമായിരുന്നു. ക്രിസ്ത്വബ്ദം ഇരുന്നൂറാമാണ്ടിൽ സന്ദർശകനായി വന്ന പന്റേനസ് എന്ന പ്രേഷിതൻ, ഇവിടുത്തെ

CHRISTIAN MUSICOLOGICAL SOCIETY OF INDIA

കർമ്മലീത്താ സഭയാണ്, കേരളത്തിലെ സുറിയാനി സമൂഹത്തിന്റെ ഘടനയെ തകർത്ത് പാശ്ചാത്യാധിപത്യത്തിന് വഴി തെളിച്ചത്. ഇതിനായി ആവിഷ്ക്കരിച്ച പ്രഥമ തന്ത്രം, ഇട വക വൈദികനെന്ന ഇടവകക്കാരുടെ ധാർമ്മിക നേതാവിന്റെ വ്യക്തിത്വത്തെ തകർക്കുക തന്നെയായിരുന്നു."

1781-ൽ ജനിച്ച പാലയ്ക്കലച്ചനിലും 1800-ൽ ജനിച്ച പോരൂർക്കരയച്ചനിലും സന്യാസ ജീവിതാശയം ഉണ്ടായത് ഒരേ സമയത്തായിരിക്കണമെന്നില്ല. പക്ഷെ രണ്ടു പേരിലും സന്യാസ ജീവിതത്തെക്കുറിച്ചുള്ള ഭാവനകൾ വിരിഞ്ഞത് മെത്രാനച്ചനെ കണ്ടു മുട്ടുന്നതിന് എത്രയോ കാലം മുൻപാണെന്ന ചരിത്രാന്വേഷണം നടത്താതെ, അത് പാശ്ചാ ത്യാധിപത്യത്തിന്റെ അടിച്ചേൽപ്പിക്കലാണെന്ന് പറയാൻ മാത്രം അദ്ദേഹത്തിന്റെ അഭിജ്ഞ തയെ വ്യക്തിതാൽപര്യങ്ങൾ നിഗ്രഹിച്ചുകളഞ്ഞു എന്ന് മനസ്സിലാക്കിയപ്പോൾ മനോവി ഷമമുണ്ടായി.ഇടവക വൈദികനെന്ന ധാർമ്മിക നേതാവിന് ക്രൈസ്തവ പുരോഹിതന് ഉണ്ടായിരിക്കേണ്ട ദൈവശാസ്ത്ര പരിജ്ഞാനം ഇല്ലാതിരുന്നതുകൊണ്ട് സംഭവിച്ചിരുന്ന അസന്മാർഗ്ഗികതകളൊന്നും ശ്രീ പുലിക്കുന്നൻ ശ്രദ്ധിക്കുന്നില്ല. ഉപജീവനത്തിനുവേണ്ടി പൂജാരിപ്പണി ചെയ്യുന്ന സ്ഥാനവസ്ത്രങ്ങളണിഞ്ഞ അൽമായ നിലവാരത്തിൽ നിന്ന് ശരിയായ പൗരോഹത്യത്തിന്റെ പരമോന്നത നിലവാരത്തിലേക്ക് ഉയർത്തുവാൻ ചെയ്ത പരിശ്രമങ്ങൾ അവഹേളിക്കപ്പെടുന്നത് അസഹനീയമാണ്.

മെത്രാനച്ചനിൽ നിന്ന് കിട്ടിയ പത്രമേനിയും ഇരുനൂറു രൂപായും കൊണ്ട്, നാടു തെണ്ടി സാമ്പത്തിക ശക്തി വർദ്ധിപ്പിച്ച്, കൊവേന്ത സ്ഥാപനത്തിന് അക്ഷീണം പ്രവർത്തിച്ച ഈ മൂന്ന് ആരംഭകാല പിതാക്കളെ വിസ്മൃതിയിൽ വിസ്മരിക്കുവാൻ പിൽക്കാലത്ത് അജയ്യ ശക്തിയായി വളർന്ന കർമ്മലീത്താ സഭാംഗങ്ങൾ തന്നെ മുൻപ ന്തിയിൽ വന്നു എന്നത് കൃതഘ്നതയുടെ സാക്ഷാത്ക്കാരമാണ്. "മാർത്തോമ്മാ ക്രിസ്ത്യാ നികൾ" എന്ന ആയിരത്തി ഒരുനൂറ്റി എട്ടുപേജുകളിൽ കർമ്മലീത്താ സഭാംഗമായ ആല ഞ്ചേരിൽ ബർണ്ണാർദച്ചൻ എഴുതിയ ചരിത്ര ഗ്രന്ഥത്തിൽ കേരള മൽപാന്മരെക്കുറിച്ചുള്ള പരാമർശനത്തിൽ പാലയ്ക്കൽ തോമ്മാമൽപ്പനെ അപ്പാടെ തിരസ്കരിച്ചു എന്നത്, കേര ളത്തിലെ പൗരാണിക കുടുംബങ്ങളിൽ ഒന്നായ പാലയ്ക്കൽ കുടുംബാംഗങ്ങളുടെ മന സ്സിൽ ഇന്നും ദുഃഖ സത്യമായി നിലനിൽക്കുന്നു. മറ്റൊരു ചരിത്രകാരനും, കർമ്മലീത്ത സഭാംഗവും കലാലയ അദ്ധ്യാപകനുമായ ഇസഡ് എം. മൂഴൂർ, ചാവറയച്ചനെ പുണ്യ ശ്ലോഹനായി പ്രഖ്യാപിക്കാൻ മാർപ്പാപ്പാ കോട്ടയത്ത് വരുമ്പോൾ കാണിക്കാൻ തിരക്കി നിടയിൽ എഴുതിയുണ്ടാക്കിയ ചരിത്ര ഗ്രന്ഥത്തിൽ പാലയ്ക്കൽ തോമ്മാമൽപ്പനെ സഭാ മുതല് സ്വന്തം കുടുംബത്തേക്ക് കടത്തിയ കള്ളനായിട്ടാണ് ചത്രീകരിച്ചിരിക്കുന്നത്. പള്ളിപ്പുറം പള്ളിയുടെ അൾത്താരയിലെ കല്ലറയിലുള്ള അദ്ദേഹത്തിന്റെ സംപൂജ്യാവ ശിഷ്ടം ഈ യുവ ചരിത്രകാരന് മാപ്പ് നൽകട്ടെ. തന്നെക്കാൾ പ്രായം കുറഞ്ഞ പോരൂർക്കരയച്ചനെക്കൊണ്ട് കൊവേന്തയ്ക്ക് കല്ലിടീച്ച്, പിൻ നിരയിലേക്ക് മാറിനിന്ന്, രോഗബാധിതനായപ്പോൾ തന്റെ പ്രതിനിധിയായി അരുമ ശിഷ്യനായ ചാവറയച്ചനെ പോരൂർക്കര - കണിയാന്തറമാരുടെ ഒപ്പം നിറുത്തി, കേരളത്തിലെ പ്രഥമ തദ്ദേശീയ സന്യാസ സഭ എന്ന ചിരകാല സ്വപ്നം യാഥാർത്ഥ്യമാക്കിയ ഈ പുണ്യാത്മാവിനെ,



Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

രോഗബാധിതനായപ്പോൾ തന്റെ പ്രതിനിധിയായി അരുമ ശിഷ്യനായ ചാവറയച്ചനെ പോരൂർക്കര- കണിയാന്തറമാരുടെ ഒപ്പം നിറുത്തി, കേരളത്തിലെ പ്രഥമ തദ്ദേശീയ സന്യാസ സഭ എന്ന ചിരകാല സ്വപ്നം യാഥാർത്ഥ്യമാക്കിയ ഈ പുണ്യാത്മാവിനെ, സ്വാർത്ഥ തൽപരരായ ചരിത്രകാരന്മാർ, സാമൂഹ്യ പരിഷ്ക്കരണത്തിനു വേണ്ടി ഉച്ചനീചത്വത്തിനെതിരെ പടവാളോങ്ങിയതിന്റെ പേരിൽ, എത്ര ശ്രമിച്ചാലും, വൈക്കോൽത്തുറുവിൽ കളഞ്ഞുപോയ പൊന്നിൻ സൂചിപോലെ കാലത്തിന്റെ പരിണാമ ചക്രത്തിൽ ഒരിക്കൽ കണ്ടെത്താതിരിക്കുകയില്ല. വൈക്കോൽത്തുറുവിൽ കളഞ്ഞുപോയ സൂചി തിരയരുതെന്നാണ് ആപ്തവാക്യം. പക്ഷെ, നശ്വരമായ കാപട്യത്തിന്റെ വൈക്കോൽ പഴകി ദ്രവിച്ച് കാറ്റിലും മഴയിലും ഒലിച്ച് പോകുമ്പോൾ സത്യത്തിന്റെ സ്വർണ്ണസൂചി ദൈവമഹത്വത്തിന്റെ പൊൻ കിരണങ്ങളിൽ വെട്ടിത്തിളങ്ങുന്നത് കാണുവാനുള്ള ദൈവാനുഗ്രഹം വരും തലമുറകൾക്കെങ്കിലും ഉണ്ടാകട്ടെ എന്ന പ്രാർത്ഥനയോടെ ഈ ചരിത്രഗവേഷണപഠനം അദ്ദേഹത്തിന്റെ പുണ്യ പാദാരവിന്ദങ്ങളിൽ സമർപ്പിക്കുന്നു.

---

Christian Musicological Society of India

www.TheCMSIndia.org


## ഈ പഠനത്തിന് ഉപയോഗിച്ച ചരിത്രഗ്രന്ഥങ്ങൾ


1. പാറേമ്മാക്കൽ തോമ്മാ കത്തനാർ, വർത്തമാന പുസ്തകം (1785)
2. കോട്ടായത്ത് പുകടിയിൽ ഇട്ടൂപ്പ് റൈട്ടരവർകൾ, മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം (കൊച്ചി. 1869)
3. അലക്സാണ്ടർ യൗസേപ്പ് പട്ടക്കാരൻ, സ്ഥാപക പിതാക്കൾ, (മാന്നാനം,1905)
4. ക. നി. മൂ. സ. ഫാ.. ബർണാർദ് തൊമ്മാ, മാർത്തോമ്മാ ക്രിസ്ത്യാനികൾ, (കോട്ടയം, 1916)
5. റ്റി. സി. ചാക്കോ, മലങ്കര മാർത്തോമ്മ സഭാചരിത്ര സംഗ്രഹം, (കോട്ടയം 1935)
6. യുജീൻ കാർഡിനൽ തിസ്സരാങ്ങ്, ഇന്ത്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ. (മൂല ഗ്രന്ഥം - ഫ്രഞ്ച്) വിവർത്തകർ, എക്സാർക്ക് ഏ. ഡി. മറ്റം, ജെ. തച്ചിൽ (കോട്ടയം)
7. പ്ലാസിഡ് ടി.ഒ.സി.ഡി., കൂനൻ കുരിശിന് മുൻപ്, (കോട്ടയം)
8. ജോസഫ് പുലിക്കുന്നേൽ, കേരള ക്രൈസ്തവ ചരിത്രം - ചില വിയോജനക്കുറിപ്പുകൾ (പാലാ, 1981)
9. വറുഗ്ഗീസ് കഞ്ഞിരത്തുങ്കൽ, കണിയാന്തറ യക്കോബ് - സ്ഥാപക സഹകാരി, (കോട്ടയം,1981)
10. ഫാദർ പോൾ മണവാളൻ, കേരള സംസ്കാരവും ക്രൈസ്തവ മിഷണറിമാരും, (കോട്ടയം, 1990)
11. മത്തിയാസ് മുണ്ടാടൻ, ഹിസ്റ്ററി ഓഫ് ക്രിസ്ത്യാനിറ്റി ഇൻ ഇൻഡ്യാ, (ബാംഗ്ലൂർ, 1993)
12. ഇസഡ്. എം. മൂഴൂർ, ബ്ലസ്ഡ് ചാവറ – ദി സ്റ്റാർ ഓഫ് ദി ഈസ്റ്റ്, (കോട്ടയം, 1993)




CHRISTIAN MUSICOLOGICAL SOCIETY OF INDIA
Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA





സി.എം.ഐ. സഭയുടെ പ്രാരംഭ സ്ഥാപനമായ മാന്നാനം കൊവേന്തയിൽ സ്ഥാപക പിതാവായ പാലയ്ക്കൽ തോമ്മാ മൽപാന്റെ പേരിൽ സ്ഥാപിച്ചിരിക്കുന്ന ശിലാഫലകം.

Christian Musicological Society of India

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA




മാന്നാനം കൊവേന്തയിൽ ആലേഖനം ചെയ്തിരിക്കുന്ന പ്രാരംഭ സാഭാംഗങ്ങളിൽ പ്രഥമ സ്ഥാനീയനായ പാലയ്ക്കൽ തോമ്മാ മൽപാൻ.

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



**ഡോക്ടർ തോമസ്
പാലയ്ക്കൽ**

വരാപ്പുഴയിൽ താമസിച്ചിരുന്ന കാലത്ത് പാശ്ചാത്യ പുരോഹിതന്മാരുമായി ഉണ്ടായ സമ്പർക്കമായിരിക്കാം, സുറിയാനി വൈദികരുടെ ദൈവശാസ്ത്ര പരിജ്ഞാനത്തിലെ അപര്യാപ്തതകൾ ഇത്രമാത്രം ബോധ്യപ്പെടുവാനും, വൈദിക പരിശീലന രംഗത്ത് കാര്യക്ഷമത കൈവരിക്കണമെന്ന അത്യുത്സാഹം പാലയ്ക്കലച്ചന് ഉണ്ടാകുവാനും ഇടയായത്. മെത്രാനച്ചന്റെ സെക്രട്ടറിയായിരുന്ന കാലത്ത് തന്നെ പാലയ്ക്കലച്ചൻ തുടങ്ങിവച്ച ഒരു സംരംഭമായിരുന്നു അൽമായർക്കുള്ള കർമ്മലമാതാവിന്റെ ദർശന സമൂഹം.

ഈ സമൂഹം വളർന്നു വരുമ്പോൾ അതിന്റെ ഉന്നത സമിതിയായിരുന്നു പട്ടക്കാർക്കുവേണ്ടിയുള്ള ദർശന സമൂഹം. സഭയ്ക്ക് വിജ്ഞാനികളായ വൈദികരെ പരിശീലിപ്പിക്കുവാനും, ദൈവ വിജ്ഞാനവും ബൈബിൾ ഭാഷ്യവും നൽകുന്നതിന് പ്രാപ്തിയുള്ള പ്രാസംഗികരെ പരിശീലിപ്പിക്കുവാനും ആയിരുന്നു ഈ ദർശന സമൂഹം വഴി പാലയ്ക്കലച്ചൻ ലക്ഷ്യമിട്ടത്. ഇതിനുവേണ്ടി ഒരു ദർശന ഭവനം അഥവാ ഒരു താപസ ഭവനം അച്ചന്റെ നിത്യസ്വപ്നമായിരുന്നു. തന്റെ ശിഷ്യരോട് ഈ ആവശ്യം അറിയിക്കുകയും, അവരെക്കൊണ്ട് പ്രാർത്ഥിപ്പിക്കുകയും ചെയ്തുരുന്നു. ഇതിന്റെ തെളിവാണ് ചാവറയച്ചൻ തന്റെ പ്രഥമ ദിവ്യബലിയിൽ തന്റെ ഗുരുവിന്റെ ആഗ്രഹം സാധിച്ചുകിട്ടുന്നതിന് വേണ്ടി “ഈ സ്ഥലവും വേലയും നടന്ന് നിറവേറുവാനുള്ള ദൈവാനുകൂലം ഉണ്ടാകണം” എന്ന് പ്രാർത്ഥിക്കുന്നത്.

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS

Christian Musicological Society of India

www.TheCMSIndia.org